I/198017/2024

**ആരോഗ്യവകുപ്പ് ഡയറക്ടറുടെ നടപടിക്രമം**
**തിരുവനന്തപുരം**

വിഷയം:- ആ.വ.ഡ-ജീവനക്കാര്യം-സ്പെഷ്യാലിറ്റി കേഡർ-അന്യത്ര സേവനത്തിനു ശേഷം ജനറൽ മെഡിസിൻ വിഭാഗം ജൂനിയർ കൺസൾട്ടന്റ് ആയ ഡോ. അഞ്ജു രാജ്.എം- നു ആരോഗ്യ വകുപ്പിൽ പുനർനിയമനം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:- 1. സ. ഉ (സാധാ) നം.875/2023/ആ.കു.വ തീയതി 13.04.2023
2. ഉത്തരവ് നം. ഇ.എ1 -6726/ 2023/ ആ.വ.ഡ തീയതി 05.07.2023
3. ഡോ. അഞ്ജുരാജ്.എം, ജൂനിയർ കൺസൾട്ടൻറ്, ജനറൽ മെഡിസിൻ - ന്റെ 02.03.2024 ലെ അപേക്ഷ

**ഉത്തരവ് നം. ഇ.ബി1-3226/2024/ആ.വ.ഡ തീയതി : 24-04-2024**

പട്ടാമ്പി താലൂക്ക് ആശുപത്രിയിലെ അസിസ്റ്റന്റ് സർജൻ ആയിരുന്ന ഡോ. അഞ്ജു രാജ്.എം-നു പരാമർശം (1) പ്രകാരം വയനാട് സർക്കാർ മെഡിക്കൽ കോളേജിൽ അന്യത്ര സേവനം അനുവദിച്ചു ഉത്തരവായിരുന്നു. ടിയാരി അന്യത്ര സേവനത്തിൽ തുടരവേ പരാമർശം (2) പ്രകാരം ജനറൽ മെഡിസിൻ വിഭാഗം ജൂനിയർ കൺസൾട്ടന്റ് ആയി സ്ഥാനം നൽകി അന്യത്ര സേവനത്തിൽ തുടരാൻ അനുമതി നൽകിയിരുന്നു. ടിയാരിയുടെ അന്യത്ര സേവന കാലാവധി 08.05.2024- നു അവസാനിക്കുന്നതിനാൽ ആരോഗ്യ വകുപ്പിൽ പുനർ നിയമനം നൽകണമെന്ന് ആവശ്യപ്പെട്ട് പരാമർശം (3) പ്രകാരം അപേക്ഷ സമർപ്പിച്ചിരിക്കുന്നു.

മേൽ സാഹചര്യത്തിൽ ഡോ. അഞ്ജു രാജ്.എം (PEN:715655)-നെ **കോഴിക്കോട് ജില്ലയിലെ താലൂക്ക് ആശുപത്രി, ഫറോക്ക്**-ൽ നിലവിലുള്ള ജനറൽ മെഡിസിൻ വിഭാഗം ജൂനിയർ കൺസൾട്ടന്റ് തസ്തികയിൽ നിയമിച്ചു ഉത്തരവാകുന്നു.

2024-ലെ പൊതു സ്ഥലം മാറ്റം സംബന്ധിച്ച മാനദണ്ഡങ്ങൾ നിലനിൽക്കുന്നതിനാൽ പൊതു സ്ഥലം മാറ്റം നടപ്പിലാക്കുന്ന അവസരത്തിൽ ആവശ്യമെങ്കിൽ ടി ഉത്തരവ് പുനഃ പരിശോധിക്കുന്നതാണ്.

ഡോ. അഞ്ജു രാജ്.എം, 09.05.2024-നു ജോലിയിൽ പ്രവേശിച്ച് ആർ.ടി.സി

I/198017/2024

കൃത്യമായും അയച്ചു തരേണ്ടതാണ്. മെഡിക്കൽ ഓഫീസറും സ്ഥാപന മേധാവിയും ആരോഗ്യ വകുപ്പ് ഡയറക്ടറുടെ ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിരിക്കുന്ന ഈ ഉത്തരവിന്റെ പകർപ്പ് ഔദ്യോഗിക ആവശ്യങ്ങൾക്കായി ഉപയോഗിക്കേണ്ടതാണ്.

Signed by
Dr Reena K J
Date: 24-04-2024 07:50:11

ആരോഗ്യവകുപ്പ് ഡയറക്ടർ

സ്വീകർത്താവ്: ഡോ. അഞ്ജു രാജ്.എം, ജൂനിയർ കൺസൾട്ടന്റ്, ജനറൽ മെഡിസിൻ

പകർപ്പ് :
1. അക്കൗണ്ടന്റ് ജനറൽ (എ & ഇ), തിരുവനന്തപുരം
2.ജില്ല മെഡിക്കൽ ഓഫീസർ (ആരോഗ്യം), പാലക്കാട് /കോഴിക്കോട്
3. സൂപ്രണ്ട്, താലൂക്ക് ആശുപത്രി, പട്ടാമ്പി/താലൂക്ക് ആശുപത്രി, ഫറോക്ക്
4. ഫയൽ/കരുതൽ ഫയൽ